## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

| | | | |
|---|---|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3177** | | **13.03.2017-ൽ മറുപടിക്ക്** | |
| **ക്ഷേമ പെൻഷനുകളുടെ കുടിശ്ശിക തീർക്കൽ** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.ടി.എ.അഹമ്മദ് കബീർ** | | **ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | ക്ഷേമ പെൻഷനുകൾ കുടിശ്ശിക തീർത്ത് വീടുകളിൽ എത്തിക്കുമെന്ന സർക്കാർ പ്രഖ്യാപനം നടപ്പിലാക്കുവാൻ സാധിച്ചോ; വിശദീകരിക്കുമോ? | (എ) | സംസ്ഥാനമൊട്ടാകെയുള്ള പ്രാഥമിക സഹകരണ സംഘങ്ങളുടെയും അവ ശക്തമല്ലാത്ത സ്ഥലങ്ങളിൽ ജില്ലാ സഹകരണ ബാങ്കുകളുടെയും സഹായത്തോടെ കുടുംബശ്രീ സർവ്വേ പൂർത്തിയായ ഗുണഭോക്താക്കൾക്ക് മുഴുവൻ പെൻഷൻ കുടിശ്ശിക തീർത്ത് വീടുകളിൽ എത്തിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത സർവ്വേയിൽ പിന്നീട് ഉൾപ്പെട്ട് വന്ന ഗുണഭോക്താക്കൾക്ക് കൂടി കുടിശ്ശിക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെയും ക്ഷേമനിധി പെൻഷനുകളുടെയും വിതരണത്തിലെ പോരായ്മകൾ നീക്കാൻ സമഗ്രമായ വിവര ശേഖരണം നടത്തിയിട്ടുണ്ടോ; | (ബി) | സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ വിതരണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിനും പെൻഷൻ ലഭിക്കേണ്ട വിധവും തിരഞ്ഞെടുക്കുന്നതിനും അതത് തദ്ദേശസ്വയംഭരണ സ്ഥലങ്ങളിൽ സത്യവാങ്മൂലം സ്വീകരിച്ച് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളുടെ വിശദാംശങ്ങൾ അതത് ക്ഷേമനിധി ബോർഡുകളിൽ നിന്നും ശേഖരിക്കാവുന്നതാണ്. |
| (സി) | പെൻഷൻകാരെ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തുന്നതിന് സേവന എന്ന സോഫ്റ്റ് വെയർ രൂപീകരിച്ചിട്ടുണ്ടോ? | (സി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ